**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 5091 — 04.07.2012 - ൽ മറുപടിക്ക്

**ഇടച്ചേരി, ചോമ്പാല പോലീസ് സ്റ്റേഷനതിർത്തിക്കുള്ളിൽ നടന്ന ആക്രമണ സംഭവങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. പ്രദീപ് കുമാർ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) ഇടച്ചേരി, ചോമ്പാല പോലീസ് സ്റ്റേഷനതിർത്തികളിൽ 2012 മേയ് മാസത്തിൽ സി.പി.ഐ.(എം) പ്രവർത്തകർക്ക് നേരെയും അവരുടെ വസതികൾക്ക് നേരെയും വ്യാപാര-വാണിജ്യ-പൊതു സ്ഥാപനങ്ങൾക്ക് നേരെയും പാർട്ടി ആഫീസുകൾക്ക് നേരെയും ഉണ്ടായ ആക്രമണ സംഭവങ്ങളുമായി ബന്ധപ്പെട്ട് പോലീസിന് ലഭിച്ച പരാതികളിന്മേൽ അന്വേഷണം നടത്തി എഫ്.ഐ.ആർ. തയ്യാറാക്കി കോടതിയിൽ സമർപ്പിക്കുകയുണ്ടായോ; | (എ) ഉണ്ട്. |
| (ബി) ആരുടെയെല്ലാം പരാതികളിന്മേൽ ആർക്കെല്ലാം എതിരെ കേസെടുക്കുകയും ആരെയെല്ലാം അറസ്റ്റ് ചെയ്യുകയും ഉണ്ടായി; വിശദാംശങ്ങൾ വെളിപ്പെടുത്താമോ; പരാതികളിൽ ഉന്നയിച്ചിരിക്കുന്ന കുറ്റങ്ങൾക്കനുസൃതമായുള്ള നിയമത്തിലെ വകുപ്പുകൾ പ്രകാരം തന്നെയാണ് ഓരോ കേസിലും എഫ്.ഐ.ആർ. തയ്യാറാക്കപ്പെട്ടിട്ടുള്ളതെന്ന് ഉറപ്പാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഉറപ്പാക്കുമോ;<br><br>(സി) മേൽപറഞ്ഞ കേസുകളിൽ പോലീസ് അറസ്റ്റ് രേഖപ്പെടുത്തി വിട്ടയച്ചവർ എത്രയാണ്; അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കിയത് ആരെയൊക്കെയാണ്; റിമാന്റിലായിട്ടുള്ളവരുടെ പേര് വിവരം വെളിപ്പെടുത്തുമോ; ഇനിയും അറസ്റ്റ് ചെയ്തിട്ടില്ലാത്തവരുടെ പേര് വിവരങ്ങൾ വെളിപ്പെടുത്താമോ ? | (ബി) & (സി) ഇതു സംബന്ധിച്ച് എടച്ചേരി പോലീസ് സ്റ്റേഷനിൽ 61 കേസും ചോമ്പാല പോലീസ് സ്റ്റേഷനിൽ 45 കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. പരാതികളിൽ ഉന്നയിച്ചിരിക്കുന്ന കുറ്റങ്ങൾക്ക് അനുസരിച്ചുള്ള നിയമ വകുപ്പുകൾ പ്രകാരം തന്നെയാണ് FIR തയ്യാറാക്കിയിരിക്കുന്നത്. മേൽ പറഞ്ഞ കേസുകളിൽ FIR ൽ പേരു വിവരം പറഞ്ഞതായ 540 പ്രതികൾ ഉണ്ട് (എടച്ചേരി പി.എസ്- 315, ചോമ്പാല പി.എസ്- 225). ഇതിൽ 336 പ്രതികളെ പോലീസ് അറസ്റ്റ് രേഖപ്പെടുത്തി വിട്ടയച്ചു (എടച്ചേരി പി.എസ്- 174, ചോമ്പാല പി.എസ്-162). എടച്ചേരി പി.എസ്. ൽ രജിസ്റ്റർ ചെയ്ത 9 കേസിൽ ഉൾപ്പെട്ട പ്രതികളെ കോടതിയിൽ ഹാജരാക്കി എല്ലാവരെയും റിമാൻഡ് ചെയ്തു. വിശദ വിവരം അനുബന്ധമായി ചേർക്കുന്നു. |

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**

സെക്ഷൻ ഓഫീസർ